(32) വ്യാജച്ചെക്കും വ്യാജഡ്രാഫ്റ്റും

ശ്രീ. എ. സി. ഷൺമുഖദാസ് : സർ, 1985 ആഗസ്റ്റിൽ ആന്ധ്രായിൽ നടന്ന മദ്യഷാപ്പ് ലേലം സംബന്ധിച്ച് കേരളത്തിൽനിന്ന്. പങ്കെടുത്തവർ ഒരു കോടി രൂപയുടെ വ്യാജഡ്രാഫ്റ്റും 72.50 ലക്ഷം രൂപയുടെ വ്യാജ ചെക്കും കൊടുത്ത സംഭവത്തെ സംബന്ധിച്ച് ഒരു കേസ് നടന്നുകൊണ്ടിരിക്കുകയാണ്. കേരളത്തിലെ പ്രമുഖരായ പലരും ഉൾപ്പെടുന്നതാണ് ഈ കേസ് എന്നുള്ളതുകൊണ്ട് ഞാൻ അതിന്റെ ഡീറ്റയിൽസിലേക്ക് പോകുന്നില്ല. തട്ടിപ്പിനും വെട്ടിപ്പിനുമുള്ള ഒരു സങ്കേതമായി നമ്മുടെ സംസ്ഥാനം ഇൻഡ്യൻ ജനതയുടെ മുമ്പിൽ അപഹാസ്യമായിത്തീർന്നിരിക്കുകയാണ്. ഇതുപോലെയുള്ള തട്ടിപ്പുകൾക്കും വെട്ടിപ്പുകൾക്കും കൂട്ടുനിൽക്കുന്ന ഒരു സാഹചര്യം ഇപ്പോൾ വളർന്നുവരുന്നു എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. മന്ത്രിമാരായ ആളുകളുടെ പേരിലാണ് അധികം തട്ടിപ്പും വെട്ടിപ്പും നടക്കുന്നത്. ഇന്നലെ ആന്ധ്രാ നിയമസഭയിൽ ഇതുമായി ബന്ധപ്പെട്ട ചർച്ചാവേളയിൽ ഈ സംസ്ഥാനത്തിലെ മുഴുവൻ ജനങ്ങൾക്കും അവമതിപ്പും അപമാനവും തോന്നുന്ന രീതിയിലുള്ള പ്രശ്നങ്ങൾ ഉന്നയിക്കപ്പെടുകയുണ്ടായി. അതിന്റെ പ്രസക്തമായ ഭാഗം മാത്രം ഞാൻ വായിക്കാം. A ruling Telugu Desam Party member, Mr. C. Buchaiah Chowdary, alleged that the Kerala Minister was involved in the scandal..... ബാക്കി ഭാഗം വായിക്കുന്നില്ല. ബഹുമാനപ്പെട്ട മന്ത്രിമാരെ സംബന്ധിച്ചിടത്തോളം, 16 മന്ത്രിമാരെയും ഒരേപോലെ സംശയിക്കാവുന്ന രീതിയിലാണ് അവിടെ ആക്ഷേപം ഉന്നയിച്ചിരിക്കുന്നത്. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അല്ലെങ്കിൽ ഇതിൽ ബന്ധപ്പെട്ട മന്ത്രി, ഞാനാണ് ഇതിനുത്തരവാദിയെന്ന് സ്വയം സമ്മതിച്ചാൽ ബാക്കിയെല്ലാവർക്കും ഈ ആരോപണത്തിൽ നിന്നും രക്ഷപ്പെടാം. അല്ലെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആന്ധ്രായിൽ നടന്ന തട്ടിപ്പിലും വെട്ടിപ്പിലും വ്യാജഡ്രാഫ്റ്റ് നിർമ്മാണത്തിലും ചെക്കു നിർമ്മാണത്തിലും കൂട്ടുനിന്നിട്ടുള്ള മന്ത്രി ആരാണെന്നും മറ്റു മന്ത്രിമാർക്ക് ഇതിൽ പങ്കില്ലെന്നും വ്യക്തമാവുന്ന തരത്തിൽ ഒരു പ്രസ്താവന ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ഇത് മറ്റൊരു സഭയിൽ നടന്ന കാര്യമായതുകൊണ്ട് ഞാൻ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. പലപ്പോഴും ഈ സഭയിൽ ചെയ്യാറുള്ളതുപോലെ പത്രത്തിൽവന്ന വാർത്തയുടെ ഒരു ഭാഗമെടുത്ത് വളരെ ശബ്ദത്തിൽ, ആലങ്കാരികമായി അവതരിപ്പിക്കുകയാണ്. 'വലിയ ഒരു കയർ എന്ന് വളരെ ശബ്ദത്തിലും അതിന്റെ തുമ്പത്ത് ഒരു പശു' എന്ന് ശബ്ദംകുറച്ചും പറയുന്നതുപോലെ അതിന്റെ അവസാന ഭാഗം വരെ ശ്രീ. ഷൺമുഖദാസ് വായിച്ചില്ല. Mr. Padmanabhan denied any knowledge about the involvement of the Kerala Minister in this episode but said that investigation officials were yet to ferret out several facts.....ബഹളം..... ഇങ്ങനെ പാപ്പരായ പ്രതിപക്ഷത്തെക്കുറിച്ച് എന്തു പറയാനാണ്?

(33) കെ. ജി. ബി. ഏജന്റിന്റെ കേരള സന്ദർശനം

ശ്രീ. പി. സി. ജോർജ് : സർ, ജോർജ് വാഷ്ടർ ഹോബ്യു എന്ന റഷ്യൻ കെ. ജി. ബി. ഏജന്റ് 1980 ഒക്ടോബർ 12-ാ തീയതി തിരുവനന്തപുരം വിമാനത്താവളത്തിൽ വന്നിറങ്ങി, മൂന്നാഴ്ചക്കാലം കേരളത്തിൽ പല യോഗങ്ങളിൽ പങ്കെടുക്കുകയും പല സ്ഥലങ്ങളിൽ സന്ദർശനം നടത്തുകയും

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തതായ കാര്യങ്ങൾ ഈ സംസ്ഥാനത്ത് പുതുതായി അറിഞ്ഞിരിക്കുകയാണ്. ഇതിനെ സംബന്ധിച്ച് മലയാള മനോരമയിൽ വളരെ വിശദമായ റിപ്പോർട്ടുണ്ട്. ഈ വ്യക്തിയെപ്പറ്റി പറയുമ്പോൾ, കേന്ദ്ര അഭ്യന്തര വകുപ്പിന്റെ രഹസ്യ സർക്കുലറിൽ ജോർജ് വാഷ്ടർ ഹോബ്യൂവിന് ഒരു സന്ദർശകനായിട്ടു പോലും ഇൻഡ്യയിൽ കാലുകുത്താനോ ഇൻഡ്യയിലൂടെ കടന്നു പോകാനോ അനുവദിക്കരുതെന്ന് വ്യക്തമാക്കിയിരുന്നു എന്ന കാര്യം കൂടി ഓർക്കണം. അതിന്റെ പ്രത്യേകത, കേന്ദ്ര ആഭ്യന്തരവകുപ്പിന്റെ അണ്ടർ സെക്രട്ടറി, 1980 ജൂൺ 16-ാം തീയതി 12/80-ാം നമ്പരായി അയച്ച രഹസ്യ സർക്കുലറിൽ അനഭിമതനായി പ്രഖ്യാപിച്ചിരുന്ന ജോർജ് വാഷ്ടർ ഹോബ്യൂ 1980 ഒക്ടോബർ 12-ാം തീയതിയാണ് തിരുവനന്തപുരത്തിറങ്ങിയത്. ഈ സർക്കുലർ സംസ്ഥാന ആഭ്യന്തര വകുപ്പിന് 1930 ജൂൺ 28-ന് ലഭിച്ചതായി അണ്ടർ സെക്രട്ടറി ബന്ധപ്പെട്ട ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ വിലക്കപ്പെട്ട വിദേശ പൗരൻ തിരിച്ചു പോയി ഏറെനാൾ കഴിഞ്ഞ ശേഷമാണ് കേന്ദ്രം സംസ്ഥാന ഗവൺമെന്റിനോട് വിശദീകരണം തേടിയത്. ഈ നിയമലംഘനത്തിന് ഉത്തരവാദികളായ, ഇമിഗ്രേഷൻ ഉദ്യോഗസ്ഥൻമാർ ഉൾപ്പെടെയുള്ളവരുടെ പേരിൽ നടപടിയെടുക്കണമെന്നും കേന്ദ്രത്തിൽ നിന്നും പ്രത്യേകം നിർദ്ദേശിച്ചിരുന്നു. എന്നാൽ ശ്രീ. ഇ. കെ. നായനാർ മുഖ്യമന്ത്രിയും ശ്രീ. ടി. കെ രാമകൃഷ്ണൻ ആഭ്യന്തര മന്ത്രിയുമായിരുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ഇക്കാര്യത്തിൽ തികച്ചും അലംഭാവമാണ് കൈക്കൊണ്ടിരുന്നതെന്ന രേഖകൾ വ്യക്തമാക്കുന്നു. ആരുടെ പേരിലും നടപടിയുണ്ടായില്ല. ഒരു അന്വേഷണ പ്രഹസനം പോലും ഉണ്ടായില്ല. ഈ ഇ. കെ. നായനാർ മുഖ്യമന്ത്രിയായിരുന്നപ്പോൾ, ബഹുമാനപ്പെട്ട ബേബി ജോൺ, അങ്ങ് മന്ത്രിയായിരുന്നപ്പോൾ ബഹുമാനപ്പെട്ട ഷൺമുഖദാസ്, അങ്ങ് മന്ത്രിയായിരുന്നപ്പോൾ കേന്ദ്ര ഗവൺമെന്റ് ആകാശത്തിൽക്കൂടിപ്പോലും പോകാൻ പാടില്ലെന്നു പറഞ്ഞിരുന്ന കെ. ജി. ബി.യുടെ ഏജൻറിനെ ഒക്ടോബർ 12-ാം തീയതി തിരുവനന്തപുരത്ത് ഇറക്കുകയും എ. കെ. ജി. സെൻറിൽ അഭയം കൊടുക്കുകയും ചെയ്തത് മാന്യതയാണോ? ഈ വിദേശപൗരൻ എ. കെ. ജി. സെൻറിൽ പല യോഗങ്ങളിൽ പങ്കെടുത്തിരുന്നു. ഇത് നിസ്സാര കാര്യമല്ല. ഇത് രാജ്യത്തിന്റെ സുരക്ഷിതത്വത്തിന്റെ പ്രശ്നമാണ്. വെറുമൊരു കെ.ജി.ബി. ഏജൻറ് എ.കെ. ജി. സെൻറിൽ മൂന്നാഴ്ചക്കാലം താമസിച്ചു. ഈ ഏജൻറിന് 43 വയസ്സ് പ്രായമുണ്ടെന്നാണ് പറയുന്നത്. സർ, ഈ മനുഷ്യൻ പഠിക്കുന്നതിനുവേണ്ടിയാണ് കേരളത്തിൽ വന്നതെന്നു പറയുന്നു.....(ബഹളം).....43 വയസ്സ് പ്രായമുള്ള ഇയാൾ എന്തു പഠിക്കാനാണ് കേരളത്തിൽ വന്നത്? ഈ വിദേശചാരന്റെ കൈവശം എത്ര പെട്ടിയുണ്ടായിരുന്നു? ഈ മന്ത്രിമാർ രാജിവയ്ക്കണമെന്നു പറഞ്ഞ ശ്രീ. ഇ. കെ. നായനാരോടും ശ്രീ. ബേബിജോണിനോടും ശ്രീ. ഷൺമുഖദാസിനോടും എനിക്ക് പറയുവാനുള്ളത് നിങ്ങൾ എം. എൽ. എ. സ്ഥാനം രാജിവച്ചുകൊണ്ട് വിശദമായ ഒരന്വേഷണത്തെ നേരിടണമെന്നാണ്; ഇതു മാത്രമല്ല, ശ്രീ. നായനാരും ശ്രീ. ഇമ്പിച്ചിബാവയും കൂടി വിദേശരാജ്യങ്ങൾ സന്ദർശിച്ചിരുന്നു. ഇവർ എന്തിനാണ് സന്ദർശനം നടത്തിയത്? ശ്രീ. ഇ. കെ. നായനാർ അറേബ്യൻ രാജ്യങ്ങളിൽ പോയതെന്തിനാണെന്നും കൂടി അന്വേഷിക്കണം. സർ, മലപ്പുറത്തെ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി ആഫീസ് മുസ്ളീം പള്ളിയുടെ ആകൃതിയിൽ ഉണ്ടാക്കി ആ പള്ളിയുടെ ഫോട്ടോയെടുത്ത് അതിന്റെ പേരിൽ അറബി രാജ്യങ്ങളിൽ നിന്ന് പണം പിരിച്ച് നാണംകെട്ട പാരമ്പര്യത്തിലേക്ക് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി അധഃപതിച്ചിരിക്കുന്നു എന്നാണ് എനിക്ക് പറയുവാനുള്ളത്. ഇതിന് ഒരന്വേഷണം നടത്തണം. പ്രതിപക്ഷ

LIBRARY ARCHIVES Kerala Legislative Assembly

പാർട്ടി നേതാവായ ശ്രീ. ഇ. കെ. നായനാർ രാജി വയ്ക്കണം. അങ്ങ് ഈ സ്ഥാനം രാജി വച്ചിട്ട് ഒരന്വേഷണത്തെ നേരിടണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മി. സ്പീക്കർ : ഇവിടെ സബ്മിഷന്റെ രൂപത്തിൽ രാജ്യത്ത് ഉയർന്നു വരുന്ന പ്രധാനമായ കാര്യങ്ങളെ സംബന്ധിച്ച് പറയാൻ അവസരം കൊടുക്കുക എന്നുള്ള പൊതുവായ.....(ബഹളം) ഇവിടെ അക്ഷമ കാണിക്കേണ്ട ആവശ്യമില്ല. അക്ഷമ കാണിച്ചതുകൊണ്ട് ആർക്കും പ്രയോജനമില്ല. പൊതുജനശ്രദ്ധ ആകർഷിക്കുന്ന പ്രധാനമായ കാര്യങ്ങളെക്കുറിച്ച് സഭയിൽ അംഗങ്ങൾ ഉന്നയിക്കാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ അതിന് അവസരം കൊടുക്കുക എന്ന നയത്തിന്റെ ഭാഗമായിട്ടാണ് ഈ സബ്മിഷൻസ് അനുവദിക്കുന്നത്. ബഹുമാനപ്പെട്ട എ. സി. ഷൺമുഖദാസ് സമീപിച്ചപ്പോഴും ശ്രീ. പി. സി. ജോർജ് സമീപിച്ചപ്പോഴും ചെയർ അത് സമ്മതിച്ചു. ഇതിനെ സംബന്ധിച്ച് ഗവൺമെന്റു ഭാഗത്തുനിന്ന് മറുപടി പറയുകയും ഇതുമായി ബന്ധപ്പെട്ട് പ്രതിപക്ഷനേതാവ് എക്സ്പ്ലനേഷൻ വേണമെന്ന് ചെയറിനോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.....(ബഹളം) .....ഇതിനകത്ത് യാതൊരു സംശയവും തെറ്റിദ്ധാരണയും ആർക്കും വേണ്ട. ഈ സഭയിൽ ഏതൊരംഗത്തെ പരാമർശിക്കുന്ന കാര്യങ്ങൾ ഏതു ഭാഗത്തു നിന്ന് വന്നാലും അതിനകത്ത് പേഴ്സണൽ എക്സ്പ്ലനേഷൻ വേണമെന്ന് ബന്ധപ്പെട്ട മെമ്പർ ആവശ്യപ്പെട്ടാൽ അത് അനുവദിക്കുന്നതാണ് അംഗീകൃതമായ പാർലമെന്ററി മര്യാദ. കഴിഞ്ഞ തവണയും ചെയർ അത് അനുവദിച്ചതാണ്. അതുകൊണ്ട് ഒരു കാര്യം ബഹുമാനപ്പെട്ട അംഗങ്ങൾ മനസ്സിലാക്കണം.

അഭിപ്രായങ്ങൾ പറയാൻ അവസരം നൽകുന്നതോടൊപ്പം തന്നെ മറ്റുള്ളവരുടെ അഭിപ്രായം കൂടി കേൾക്കണം. അതിന് ഏതെങ്കിലും രീതിയിൽ പേഴ്സണൽ എക്സ്പ്ലനേഷൻ ഉണ്ടെങ്കിൽ ആരേയും അനുവദിക്കും. ചെയർ തുടർന്നു വന്നിട്ടുള്ള ഒരു അംഗീകൃതമായിട്ടുള്ള നയം അതുതന്നെയാണ്; ചട്ടവും അതുതന്നെയാണ്.....(ബഹളം)..... അതുകൊണ്ടുതന്നെയാണ് കഴിഞ്ഞതവണ ശ്രീ. നാലകത്ത് സൂപ്പിയേയും ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയേയും പേഴ്സണൽ എക്സ്പ്ലനേഷന് ചെയർ അനുവദിച്ചത്.....(ബഹളം).....

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. വയലാർ രവി) : സർ, ശ്രീ. ഇ. കെ. നായനാർ മുഖ്യമന്ത്രിയായിരുന്ന കാലത്തെ ഒരു സംഭവത്തെക്കുറിച്ചാണ് ബഹുമാന്യനായ പി. സി. ജോർജ് ഇവിടെ പറഞ്ഞിട്ടുള്ളത്. അത് 1980-ൽ നടന്ന സംഭവമായതുകൊണ്ട് അതിന്റെ കാര്യങ്ങൾ അന്വേഷിച്ചു മാത്രമേ മറുപടി പറയാൻ കഴിയുകയുള്ളൂ. ഞാൻ ഉടൻ അന്വേഷിച്ച് സഭയ്ക്ക് ഇന്നുതന്നെ വിവരം തരുന്നതാണ്.....(ബഹളം).....

മി. സ്പീക്കർ : ഇതിനകത്ത് യാതൊരു സംശയവും ആർക്കും വേണ്ട. ഈ സഭയിൽ ഏതൊരു അംഗത്തിനും പേഴ്സണൽ എക്സ്പ്ലനേഷൻ കൊടുക്കുകയെന്നുള്ളത് ചട്ടപ്രകാരം ശരിയാണ്; അത് ആര് പറഞ്ഞാലും ചെയർ അത് അനുവദിക്കും. അതുകൊണ്ടു തന്നെയാണ് കഴിഞ്ഞ തവണ ശ്രീ. നാലകത്ത് സൂപ്പി ആവശ്യപ്പെട്ടപ്പോഴും പ്രതിപക്ഷത്തു നിന്ന് എതിർത്തപ്പോഴും പോലും ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി ആവശ്യപ്പെട്ടപ്പോഴും..... (ബഹളം).....ശ്രീ. പി. കെ കുഞ്ഞാലിക്കുട്ടിക്കും ഈ സഭയിൽ അഭിപ്രായം പറയാനുള്ള അവസരം ചെയർ അനുവദിച്ചത് .....(ബഹളം) .....സഭയിൽ അങ്ങോട്ടുമിങ്ങോട്ടും

LIBRARY ARCHIVES Kerala Legislative Assembly

ബഹളമുണ്ടാക്കിക്കൊണ്ടിരുന്നാൽ മാത്രം മതിയെങ്കിൽ ചെയറിന് യാതൊരു വിരോധവുമില്ല. അതല്ല സാധാരണ നടപടിക്രമം നടത്തിക്കൊണ്ടുപോകണമെങ്കിൽ കുറച്ചുകൂടി ഭംഗിയായിട്ട് പെരുമാറണം.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അപ്പുക്കാദർ കുട്ടിനഹ) : സർ, പ്രതിപക്ഷ നേതാവിന് ശ്രീ. പി. സി. ജോർജ് പറഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് പേഴ്സണൽ എക്സ്പ്ലനേഷൻ കൊടുക്കാൻ പോകുന്നത്. മിനിസ്റ്റർ മറുപടി പറഞ്ഞാൽ അന്നേരവും അത് വേണ്ടിവരുമോ? അതൊന്നറിയണം.

മി. സ്പീക്കർ : ഇതിനകത്ത് യാതൊരു സംശയവും വേണ്ട. ഈ സഭയിലെ ഒരംഗത്തെ പരാമർശിക്കുന്ന ഏതു പ്രശ്നം വന്നാലും ഏത് അംഗം എപ്പോഴും ആവശ്യപ്പെട്ടാലും അത് ചട്ടപ്രകാരം ശരിയാണെന്ന് ചെയറിന് ഉത്തമ ബോദ്ധ്യമുണ്ടെങ്കിൽ പേഴ്സണൽ എക്സ്പ്ലനേഷന് സമയം കൊടുക്കും. ആര് എതിർത്താലും അത് ബാധകമല്ല. .....(ബഹളം).....

ശ്രീ. ഇ. കെ. നായനാർ : സർ, എന്നേതു പേഴ്സണൽ എക്സ്പ്ലനേഷൻ അല്ല. ഇതിനെ സംബന്ധിച്ച് അന്വേഷിച്ച് വിവരം കൊടുക്കാമെന്ന് ആഭ്യന്തരവകുപ്പുമന്ത്രി ഇവിടെ പറഞ്ഞു. .....(ബഹളം)

മി. സ്പീക്കർ : ചെയറിന് ഇതിനകത്ത് ചട്ടപ്രകാരമുള്ള കാര്യങ്ങളല്ലാതെ മറ്റൊന്നും നടത്തിക്കൊണ്ടുപോകാൻ കഴിയുകയില്ല. ഏതു ഭാഗത്തു നിന്നും ബഹളമുണ്ടാക്കിക്കൊണ്ട് അഭിപ്രായം പറയാൻ ചെയർ അനുവദിക്കുകയില്ല, ഒരു ഭാഗത്തിനും അനുവദിക്കുന്ന പ്രശ്നവുമില്ല.

ശ്രീ. ഇ. കെ. നായനാർ : ഞാൻ പറയുന്നതെന്താണെന്നു വച്ചാൽ ആഭ്യന്തരവകുപ്പുമന്ത്രി വയലാർ രവി ഇതിനെപ്പറ്റി അന്വേഷിച്ച് അസത്യവും അവാസ്തവവുമായ റിപ്പോർട്ടാണെങ്കിൽ അങ്ങനെ, സത്യമാണെങ്കിൽ സത്യം- ഇതിനെപ്പറ്റി വ്യക്തമായ തീരുമാനമെടുക്കാതെ അന്ന് നമ്മുടെ കൂടെയുണ്ടായിരുന്ന ശ്രീ. കെ. എം. മാണിയും ശ്രീ. വയലാർ രവിയും ശ്രീ. ഉമ്മൻ ചാണ്ടിയുമെല്ലാം ഉൾപ്പെട്ടിട്ടുള്ള ആ കക്ഷി ഇന്ന് ആ ഭരണത്തെ .... (ബഹളം) ഇതിനെ സംബന്ധിച്ച് മറുപടി പറഞ്ഞാൽ എനിക്ക് പേഴ്സണൽ എക്സ്പ്ലനേഷന് അവസരം തരണം; ഞാൻ അപ്പോൾ വിശദമായിട്ട് കാര്യങ്ങൾ പറഞ്ഞുകൊള്ളാം.

ശ്രീ. എ. സി. ഷൺമുഖദാസ് : സർ, റൂൾ 155 പ്രകാരം ഞാൻ ഒരു അവകാശലംഘന പ്രമേയത്തിന് നോട്ടീസ് തന്നിട്ടുണ്ട്.....ബഹളം.....

മി. സ്പീക്കർ: അങ്ങയുടെ അവകാശ ലംഘന പ്രമേയം ചെയർ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. സഭ തീരുന്നതിനുമുമ്പ് റൂളിംഗ് തരുന്നതാണ്.

V മേശപ്പുറത്തുവച്ച കടലാസുകൾ

കൃഷി വകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്) : സർ, താഴെ പറയുന്ന കടലാസ് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

ഓയിൽ പാം ഇൻഡ്യാ ലിമിറ്റഡിന്റെ 1983-84 ലേക്കുള്ള ഏഴാമത വാർഷിക റിപ്പോർട്ട്.

LIBRARY ARCHIVES Kerala Legislative Assembly